പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

**നിയമസഭാ ചോദ്യം നമ്പർ : 3471** **24.06.2013-ൽ മറുപടിക്ക്.**

## പോലീസ് സേനയിലെ സ്പോർട്സ് ടീമുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പോലീസ് പരിശീലന കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വിനിയോഗിച്ച് സ്പോർട്സ് സ്കൂൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; | : (എ) ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) പോലീസ് സേനയിലെ കായിക പ്രതിഭകളെ ഉൾപ്പെടുത്തി ഫുട്ബോൾ, ക്രിക്കറ്റ്, ബാസ്ക്കറ്റ് ബോൾ, ടെന്നീസ് തുടങ്ങിയ സ്പോർട്സ് ടീമുകൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ; ദേശീയ - അന്തർദേശീയ മത്സരങ്ങളിൽ ഈ ടീമുകൾ പങ്കെടുക്കാറുണ്ടോ ; | : (ബി) കേരള പോലീസിൽ നിലവിൽ വോളിബോൾ (വനിതകളും പുരുഷൻമാരും), ബാസ്ക്കറ്റ് ബോൾ (വനിതകളും പുരുഷൻമാരും), ഫുട്ബോൾ, അത്‌ലറ്റിക്സ് എന്നീ ഇനങ്ങളിൽ ടീമുകൾ നിലവിലുണ്ട്. പോലീസ് ടീമുകൾക്ക് പങ്കെടുക്കാൻ കഴിയുന്ന വിവിധ ദേശീയ അന്തർ ദേശീയ മൽസരങ്ങളിൽ ടീമുകൾ/ ടീമംഗങ്ങൾ പങ്കെടുക്കാറുണ്ട്. |
| (സി) സന്തോഷ് ട്രോഫി ഫുട്ബോൾ മത്സരങ്ങളിൽ കേരള പോലീസ് മത്സര രംഗത്ത് വരാറുണ്ടോ ? | : (സി) സന്തോഷ് ട്രോഫി മൽസരങ്ങളിൽ സ്റ്റേറ്റ് ടീമുകൾക്ക് (സർവ്വീസസ് ഒഴികെ) ആണ് പങ്കെടുക്കാൻ കഴിയുന്നത്. സ്റ്റേറ്റ് ടീമിൽ സെലക്ഷൻ ലഭിക്കുന്ന കേരള പോലീസിലെ ഫുട്ബോൾ ടീം അംഗങ്ങൾ കേരളാ സ്റ്റേറ്റ് ഫുട്ബോൾ ടീമിനെ പ്രതിനിധീകരിച്ച് സന്തോഷ് ട്രോഫി മൽസരങ്ങളിൽ പങ്കെടുക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ